**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1052** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ വരുത്തുന്ന കൃഷിനാശത്തിന് നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വന്യമൃഗങ്ങൾ വരുത്തുന്ന കാർഷിക വിളനാശത്തിന് കർഷകർക്ക് നൽകുന്ന നഷ്ടപരിഹാര നിരക്ക് വനം വകുപ്പ് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (എ) | 08/01/2015-ലെ സർക്കാർ ഉത്തരവ് (കൈ) നം. 02/2015/വനം പ്രകാരമാണ് ഓരോ വിളയ്ക്കും നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിച്ചത്. ടി ഉത്തരവ് പ്രകാരം കണക്കാക്കപ്പെടുന്ന തുകയിൽ നഷ്ടപരിഹാരമായി അനുവദിക്കാവുന്ന പരമാവധി തുക 75,000/- രൂപ ആയിരുന്നത് 05/04/2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം അനുവദനീയമായ പരമാവധി തുക ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. നഷ്ടപരിഹാര-നിരക്ക് കാലാനുസൃതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്.<br><br>സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതി-നുള്ള മാനദണ്ഡങ്ങൾ സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്. |
| (ബി) | കൃഷി ആവശ്യങ്ങൾക്കുള്ള സാധനങ്ങളുടെ വില വർദ്ധിച്ചിട്ടും നഷ്ടപരിഹാരത്തുകയിൽ കാലാനുസൃതമായി വർദ്ധനവ് വരുത്താത്തത് മൂലം കർഷകർ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതി-നുള്ള മാനദണ്ഡങ്ങൾ സ.ഉ. (സാധാ) നം. |

| | | | |
|---|---|---|---|
| | | | 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്. വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിള നാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്. |
| (സി) | വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിളനാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് വർധിപ്പിക്കുമോ; വിശദമാക്കുമോ? | (സി) | സ.ഉ.(കൈ) നം. 4/2024/DMD തീയതി 07/03/2024 പ്രകാരം കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം "സംസ്ഥാന സവിശേഷ ദുരന്തം" ആയി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ.ഉ. (സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി മാനദണ്ഡങ്ങൾ പ്രകാരം മനുഷ്യ വന്യജീവി സംഘർഷത്തിൽ സംഭവിക്കുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നത് കൃഷി വകുപ്പ് മുഖേനയാണ്. വന്യമൃഗങ്ങൾ കാരണമുള്ള കാർഷിക വിള നാശത്തിന് നൽകാവുന്ന നഷ്ടപരിഹാര നിരക്ക് പരിഷ്കരിക്കുന്ന വിഷയം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ